**പതിമൂന്നാം കേരള നിയമ സഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 3384 09-04-2013 -ലെ മറുപടിക്ക്

## വയനാട് ജില്ലയിലെ ദുരന്ത സാധ്യതാ ലഘൂകരണ പരിപാടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | വയനാട് ജില്ലയിലെ ദുരന്ത സാധ്യതാ ലഘൂകരണ പരിപാടിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | എ) | വയനാട് ജില്ലയിൽ ദുരന്ത സാധ്യത ലഘൂകരണ പരിപാടിയുടെ ഭാഗമായി ഉദ്യോഗസ്ഥൻമാർ, സന്നദ്ധ സംഘടനകൾ, എന്നിവർക്ക് ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും താലൂക്ക്, ജില്ല തലത്തിൽ നടത്തിയിട്ടുണ്ട്. കൂടാതെ റെഡ് ക്രോസ് സംഘടനകൾക്ക് പരിശീലന പരിപാടിയും, സ്കൂൾ സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട അധ്യാപകർക്ക് പരിശീലന പരിപാടി. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ക്വിസ് പ്രോഗ്രാം, മോക്ക് ഡ്രില്ലുകൾ എന്നിവ ജില്ലയിൽ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | ബി) | പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം നടത്തിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.<br>1. 15/06/2012, 16/06/2012 എന്നീ തീയതികളിലെ "റസിഡൻഷ്യൽ റ്റി.ഒ.റ്റി ഓൺ ഡി.എം."<br>2. 25/06/2012 ന് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ " പ്രിപ്പറേഷൻ ഓഫ് ഡിപ്പാർട്ടുമെന്റൽ ഡി.എം പ്ലാനിനെ" കുറിച്ചുള്ള മീറ്റിംഗ്.<br>3. 30/06/12 ലെ "വർക്ക്ഷോപ്പ് ഓൺ ഡിസാസ്റ്റർ റെസിലിയന്റ് കൺസ്ട്രക്ഷൻ പ്രാക്ടീസ് ആന്റ് സേഫ്റ്റി മെഷേഴ്സ്".<br>4.06/10/2012 - ന് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ക്വിസ് പ്രോഗ്രാം. |

| | | | |
|---|---|---|---|
| | | | 5. 12/10/2012 ന് മോക്ക് ഡ്രിൽ<br>6. 16/10/2012 ന് ചുണ്ടേൽ മുതൽ കല്പറ്റ വരെ വാക്കത്തോൺ. |
| സി) | ജില്ലയുടെ ഭൂപ്രകൃതിക്കനുസ്സരിച്ചുള്ള ജില്ലാ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ഇല്ല. |
| ഡി) | ഇല്ലെങ്കിൽ അത്തരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ